# Exchange of list of prisoners between India and Pakistan

July 01, 2020

## ഇന്ത്യയ്ക്കും പാക്കിസ്ഥാനും ഇടയിൽ തടവുകാരുടെ ലിസ്റ്റ് കൈമാറ്റം ചെയ്യുന്നു

**01 ജൂലൈ , 2020**

ന്യൂ ഡൽഹിയിലും ഇസ്ലാമാബാദിലുമുള്ള നയതന്ത്ര മാർഗങ്ങളിലൂടെ ഇന്ത്യയും പാകിസ്ഥാനും തങ്ങൾ ബന്ദികളാക്കിയ സൈനികേതര തടവുകാരുടെയും മീൻ പിടുത്തക്കാരുടെയും ലിസ്റ്റ് കൈമാറ്റം ചെയ്തു.എല്ലാ വർഷവും ജനുവരി 1 മുതൽ ജൂലൈ 1 വരെയുള്ള തിയതികൾക്കിടയിൽ ഇത്തരത്തിലുള്ള ലിസ്റ്റുകൾ കൈമാറ്റം ചെയ്തു കൊള്ളാം എന്ന 2008 ലെ കരാറിനെ ചട്ടങ്ങൾ അനുസരിച്ചാണ് ഇത്.

തങ്ങളുടെ കൈവശമുള്ള 265 പാകിസ്ഥാൻ സൈനികേതര തടവുകാരുടെയും 97 മീൻ പിടുത്തക്കാരുടെയും ലിസ്റ്റ് ഇന്ത്യ പാക്കിസ്ഥാന് കൈമാറി അത് പോലെ തന്നെ ഇന്ത്യക്കാരും ഇന്ത്യക്കാരെന്നു വിശ്വസിക്കുന്നവരുമായ, തങ്ങളുടെ ബന്തവസ്സിലുള്ള 54 സൈനികേതര തടവുകാരുടെയും 270 മീൻ പിടുത്തക്കാരുടെയും ലിസ്റ്റ് പാക്കിസ്ഥാൻ നൽകി.

ബന്ദികളാക്കിയ സൈനികേതര തടവുകാരെയും, സൈനിക ഉദ്യോഗസ്ഥരെയും ബോട്ടുകൾ ഉൾപ്പടെ മീൻ പിടുത്തക്കാരെയും പെട്ടന്നു തന്നെ പാക്കിസ്ഥാന്റെ അധികാരത്തിൽ നിന്നും മോചിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സർക്കാർ ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഇന്ത്യൻ പൗരത്വം ഉറപ്പു വരുത്തിയ 7 ഇന്ത്യൻ സൈനികേതര തടവുകാരെയുടെയും 106 ഇന്ത്യൻ മീൻ പിടുത്തക്കാരുടെയും മോചനവും പുനരധിവാസം വേഗത്തിലാക്കാൻ പാക്കിസ്ഥാൻ തയാറായി. കൂടാതെ ഇന്ത്യയിലെ മീൻ പിടുത്തക്കാർക്കും പാക്കിസ്ഥാന്റെ കൈവശമുള്ള ഇന്ത്യക്കാർ ആണെന്ന് വിശ്വസിക്കുന്ന 18 സാധാരണ തടവുകാർക്കും രാജ്യത്തെ പ്രതിനിധികളെ കാണുന്നതിനുള്ള സൗകര്യം നൽകാനും അവർ ആവശ്യപ്പെട്ടു.

വൈദ്യ വിദഗ്ധരുടെ സംഘത്തിലെ അംഗങ്ങൾക്ക് വിസ അനുവദിക്കുകയും കൂടാതെ പാക്കിസ്ഥാനിലെ വിവിധ ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള ഇന്ത്യക്കാർ എന്ന് കരുതപ്പെടുന്ന തടവുകാരിൽ മാനസിക വിഭ്രാന്തിയുള്ളവരുടെ മനോനില പരിശോധിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സർക്കാർ

പാകിസ്താനോട് ആവശ്യപ്പെട്ടു; കൂടാതെ പാകിസ്താനിലേക്കുള്ള ജോയിന്റ് ജുഡീഷ്യൽ കമ്മിറ്റിയുടെ സന്ദർശനം പെട്ടന്ന് തന്നെ ക്രമീകരിക്കുക; ഇന്ത്യയുടെ മൽസ്യ ബന്ധന ബോട്ടുകൾ വിട്ടു നൽകുന്നതിനായി കറാച്ചിയിലേക്കുള്ള 4 അംഗ സംഘത്തിന്റെ സന്ദർശനം എത്രയും നേരത്തെ ക്രമീകരിക്കുക എന്നി ആവശ്യങ്ങളും ഉന്നയിച്ചു.

രണ്ടു രാജ്യങ്ങളിലുമുള്ള തടവുകാരുടെയും മീൻ പിടുത്തക്കാരുടെയും എല്ലാ മനുഷ്യാവകാശപരമായ പ്രശ്നങ്ങളും മുന്ഗണനാരീതിയിൽ പരിഗണിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധരാണ്. ഈ പശ്ചാത്തലത്തിൽ പാക്കിസ്ഥാൻ പൗരത്വം ഇത് വരെ ഉറപ്പു വരുത്താത്ത, മീൻ പിടുത്തക്കാർ ഉൾപ്പടെയുള്ള 88 പാകിസ്ഥാൻ തടവുകാരുടെ തടവ് അവസാനിപ്പിക്കാൻ ദേശീയത സ്ഥിതി ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇന്ത്യ അടിയന്തരമായി ആവശ്യപ്പെട്ടു.

**ന്യൂ ഡൽഹി**
**01 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.